**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **12-12-2022 - ൽ മറുപടിയ്ക്ക്**

**ശസ്ത്രക്രിയയിൽ ഉണ്ടായ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2017 നവംബർ 30-ന് നടത്തിയ പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കുടുങ്ങിയ കത്രികയുമായി യുവതി അഞ്ച് വർഷം ജീവിക്കേണ്ടി വന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിരുന്നോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഡോ. പ്രതാപൻ വി കെ, പ്രൊഫസർ & വകുപ്പ് മേധാവി സർജിക്കൽ ഗ്യസ്ട്രോ (ചെയർമാൻ), ഡോ. പ്രേംലാൽ എ.പി. പ്രൊഫസർ & വകുപ്പ് മേധാവി പ്ലാസ്റ്റിക്ക് സർജറി, ഡോ. പ്രീത എസ്, അസോസിയേറ്റ് പ്രൊഫസർ ജനറൽ സർജറി എന്നിവരടങ്ങുന്ന ഒരു അന്വേഷണ കമ്മറ്റിയെ നിയോഗിക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>ഈ സംഭവത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ ഓഫീസർ ഡോ. അബ്ദുൾ റഷീദ്, ഡോ. സലീന ഷാ (ജോയിന്റ് ഡയറക്ടർ (നേഴ്സിംഗ്)), ഡോ. രഞ്ചു രവീന്ദ്രൻ (ഫോറൻസിക് വിഭാഗം മേധാവി ഗവ. മെഡിക്കൽ കോളേജ് കൊല്ലം) എന്നിവർ ഉൾപ്പെട്ട വകുപ്പ് തല വിദഗ്ധ സംഘം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ എല്ലാ ഘടകങ്ങളും പരിശോധിക്കാവുന്ന തരത്തിൽ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ നിരുത്തരവാദപരമായി പ്രവർത്തിച്ച ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഡോ. പ്രതാപൻ വി കെ, പ്രൊഫസർ & വകുപ്പ് മേധാവി സർജിക്കൽ ഗ്യസ്ട്രോ (ചെയർമാൻ), ഡോ. പ്രേംലാൽ എ.പി. പ്രൊഫസർ & വകുപ്പ് മേധാവി പ്ലാസ്റ്റിക്ക് സർജറി, ഡോ. പ്രീത എസ്, അസോസിയേറ്റ് പ്രൊഫസർ ജനറൽ സർജറി എന്നിവരടങ്ങുന്ന ഒരു അന്വേഷണ കമ്മറ്റിയെ നിയോഗിക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സംഭവത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ ഓഫീസർ ഡോ. അബ്ദുൾ റഷീദ്, ഡോ. സലീന ഷാ (ജോയിന്റ് ഡയറക്ടർ (നേഴ്സിംഗ്)), ഡോ. രഞ്ചു രവീന്ദ്രൻ (ഫോറൻസിക് വിഭാഗം മേധാവി ഗവ. മെഡിക്കൽ കോളേജ് കൊല്ലം) എന്നിവർ ഉൾപ്പെട്ട വകുപ്പ് തല വിദഗ്ധ സംഘം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ എല്ലാ ഘടകങ്ങളും പരിശോധിക്കാവുന്ന തരത്തിൽ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | ശസ്ത്രക്രിയകൾക്കു മുമ്പും ശേഷവും ശസ്ത്രക്രിയ ഉപകരണങ്ങളുടെ ലിസ്റ്റ് ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയും അവ ഇൻസ്ട്രുമെന്റ് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നതുമായ നടപടികൾ തുടർന്നു വരുന്നുണ്ട്. ഈ കാര്യങ്ങൾ കർശനമായ ജാഗ്രത പാലിക്കണമെന്ന നിർദ്ദേശം ആശുപത്രി തലത്തിൽ നൽകിയിട്ടുണ്ട്.<br><br>ചികിത്സ പിഴവ് സംബന്ധിച്ച് ആരോപണം ഉയരുന്ന സാഹചര്യങ്ങളിൽ അത്തരം വിഷയങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള സംഘം പ്രാഥമികാന്വേഷണം നടത്തി വരുന്നുണ്ട്. ഗൗരവകരമായ ചികിത്സാ പിഴവ് ആരോപിക്കപ്പെടുന്ന സംഭവങ്ങളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ അന്വേഷണത്തിനായി വിദഗ്ധ സംഘത്തെ നിയോഗിക്കുകയും വകുപ്പ് തല വിദഗ്ധ സംഘം നടത്തുന്ന അന്വേഷണത്തിൽ കുറ്റക്കാരെന്നു കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ